**August: 5**

# KGBEU OU ബുള്ളറ്റിൻ 43/2022

സഖാക്കളെ,

## വിഷയം: അനീതിക്കെതിരെ നീതിയുടെ വിജയം

മാനേജ്മെന്റിന്റെ ധിക്കാരപരവും സംഘടനാ വിരുദ്ധവും തൊഴിലാളി വിരുദ്ധവുമായ ചെയ്തികൾക്കെതിരെ ഇന്ന് നമ്മുടെ സംഘടനയുടെ നേതൃത്വത്തിൽ ഹെഡ് ഓഫീസിൽ ശക്തമായ പ്രതിഷേധ സമരം നടത്തി.

അത്യാവശ്യമായ ഘട്ടങ്ങളിൽ നടത്തേി വരുന്ന Temporary Transfer സുതാര്യമാക്കുക, ഇതിനായി TT ലിസ്റ്റുകൾ നേരത്തെ നൽകിയത് പോലെ സംഘടനയ്ക്ക് തുടർന്നും നൽകുക, മാർച്ച് 19ന് പൂർത്തീകരിച്ച ജോയിന്റ് കോൺഫറൻസ് മിനുട്ട്സ് ഉടൻ പുറത്തിറക്കുക, അർഹരായ മുഴുവൻ തൊഴിലാളികൾക്കും ബോണസ് നൽകുക മുതലായ ആവശ്യങ്ങൾ തുടങ്ങി മറ്റു ചില വിഷയങ്ങളിലും മാനേജ്മെന്റ് തുടർന്നു വരുന്ന നിസ്സംഗതയാണ് ഇന്നത്തെ സംഘടനാ ആക്ഷന് ഇടയാക്കിയത്. സഖാക്കൾ സി രാജീവൻ, എൻ മീന, പി രാജേഷ്, ബിഗേഷ് ഉണ്ണിയൻ, ടി ജി അനൂപ്, കെ കെ രജിതമോൾ, ടി സിന്ധു എന്നിവരുടെ നേതൃത്വത്തിൽ ഭാരവാഹികളും കമ്മിറ്റി അംഗങ്ങളും മറ്റു പ്രവർത്തകരും സംഘടനാ ആഹ്വാനം അനുസരിച്ച് ഹെഡ് ഓഫീസിൽ എത്തിച്ചേർന്നു. മുതിർന്ന സഖാവ് കെ ജി മദനൻ നമ്മോടൊപ്പം തന്നെ ഉണ്ടായിരുന്നു. CITU മലപ്പുറം ജില്ലാ വൈസ് പ്രസിഡും BEFI മുൻ നേതാവുമായിരുന്ന സഖാവ് വേലായുധൻ, BEFI ജില്ലാ പ്രസിഡ് സഖാവ് ജി കണ്ണൻ എന്നിവരും സന്നിഹിതരായിരുന്നു. പോലീസ് സന്നാഹങ്ങളെ ഉൾപ്പെടെ വിളിച്ച് വരുത്തി ഈ സമരം തകർക്കാൻ കഴിയുമോ എന്ന പരിശോധനയാണ് മാനേജ്മെന്റ് ആദ്യം നടത്തിയത്. എന്നാൽ തൊഴിൽ തർക്ക സമരം പരസ്പരം ചർച്ച ചെയ്ത് തീർക്കുകയാണ് വേണ്ടത് എന്ന് പോലീസ് ഉദ്യോഗസ്ഥന്മാർ അഭിപ്രായപ്പെട്ടു. പ്രതിഷേധങ്ങൾക്ക് തുടർച്ചയായി നടന്ന ചർച്ചയിൽ നമ്മുടെ ന്യായമായ ആവശ്യങ്ങളിന്മേൽ അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാക്കിയാണ് പ്രതിഷേധ സമരം അവസാനിപ്പിച്ചത്. മാനേജ്മെന്റ് ഭാഗത്തു നിന്നും GM മാരായ ശ്രീമതി ഇന്ദുശ്രീ, ശ്രീ സുരേന്ദ്രൻ, ശ്രീ സുരേഷ് ബാബു, ശ്രീമതി ശ്രീകല, ശ്രീ രാജേഷ്, HR CM, SM, IR SM എന്നിവരാണ് ഉണ്ടായിരുന്നത്. ബാങ്കിന്റെ പ്രവൃത്തി സമയം കഴിഞ്ഞപ്പോൾ കൂടുതൽ ജീവനക്കാർ ഹെഡ് ഓഫീസിലേക്ക് ഒഴുകിയെത്തി. ജീവനക്കാർ സംഘടിച്ചാൽ ഏത് തൊഴിലാളി വിരുദ്ധരെയും എതിർത്തു തോൽപ്പിക്കാൻ കഴിയുമെന്ന് നാം വീണ്ടും തെളിയിച്ചിരിക്കുകയാണ്.

വിവിധ വിഷയങ്ങളിൽ നാം മുന്നോട്ടുവെച്ച ആവശ്യങ്ങളും തീരുമാനങ്ങളും.

1) ട്രാൻസ്ഫർ ഇറക്കിയ ഉടൻതന്നെ ലിസ്റ്റ് സംഘടനയ്ക്ക് ലിസ്റ്റ് നൽകണം:

ട്രാൻസ്ഫർ ലിസ്റ്റ് സംഘടനയ്ക്ക് നൽകും. ചെയർമാൻ സ്ഥലത്ത് ഇല്ലാത്തതിനാൽ തിങ്കളാഴ്ച അദ്ദേഹം വന്ന ഉടൻ സംസാരിച്ച് 00 ഇറക്കുന്ന ലിസ്റ്റും നൽകുന്നതിൽ അനുകൂലമായ തീരുമാനം ഉാക്കും എന്ന് മുഴുവൻ ഏങ്ങ മാരും ഉറപ്പുനൽകി.

2) ജോയിന്റ് കോൺഫറൻസ് മിനുട്ട്സ് ഉടൻ ഇറക്കണം:

ഇന്ന് ചെയർമാൻ സ്ഥലത്ത് ഇല്ലാത്തതിനാൽ വെള്ളിയാഴ്ച ഇറക്കും.

3) അർഹരായ മുഴുവൻ തൊഴിലാളികൾക്കും PF Dtm ഇല്ലയോ എന്ന് നോക്കാതെ ബോണസ് ആക്ട് അനുസരിച്ച് ബോണസ് നൽകണം:

അർഹരായ മുഴുവൻ തൊഴിലാളികൾക്കും ബോണസ് നൽകാൻ നിർദ്ദേശം കൊടുക്കും. അതിന്റെ ഭാഗമായി, EPF ഉള്ളവർക്ക് ബോണസ് നൽകിയാൽ മതി എന്ന Scroll പിൻവലിച്ചു. RM മാർ വാട്ട്സ് ആപ്പിൽ മെസ്സജേ് ആയി നൽകിയ കമ്മ്യൂണിക്കേഷനും ലെറ്റർ മോഡ്യൂൾ വഴി നൽകിയ കമ്മ്യൂണിക്കേഷനും ബന്ധപ്പെട്ട RM മാർ തന്നെ പിൻവലിക്കും.

ഇതിനുപുറമെ കോവിഡ് കാലത്ത് Work from home സൗകര്യം avail ചെയ്ത വനിതാ ജീവനക്കാർക്ക് ശമ്പളം തടഞ്ഞുവച്ചത് ഉൾപ്പെടെയുള്ള കാര്യങ്ങളും ജീവനക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിൽ നടത്തിയ മറ്റു ട്രാൻസ്ഫറുകൾ സംബന്ധിച്ചുമുള്ള പ്രശ്നങ്ങൾ ബോധ്യപ്പെടുത്തിയിട്ടുണ്ട്. മറ്റു വിഷയങ്ങളിൻമേൽ പരിശോധിച്ചു തുടർനടപടി ഉണ്ടാകുമെന്നും ആരെയും ബുദ്ധിമുട്ടിക്കാതിരിക്കാൻ പരമാവധി ശ്രദ്ധിക്കുമെന്നും മാനേജ്മെന്റ് ഉറപ്പുനൽകി. ഹെഡ് ഓഫീസിലെത്തിയ മുഴുവൻ സഖാക്കളും മുദ്രാവാക്യം വിളികളോടെ പ്രകടനമായി പുറത്തേക്ക് ഇറങ്ങി വരികയും ജനറൽ സെക്രട്ടറി കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്ത് കൊണ്ടാണ് ഇന്നത്തെ നമ്മുടെ പ്രതിഷേധ സമരം പൂർത്തീകരിച്ചത്.

സഖാക്കളെ,
നഗരത്തിൽ ഒരു അനീതി നടന്നാൽ നേരം ഇരുട്ടുന്നതിനു മുന്നേ അവിടെ ഒരു കലാപം നടന്നിരിക്കണം. ഇല്ലെങ്കിൽ ആ നഗരം കത്തിച്ചാമ്പലാകുന്നതാണ് നല്ലത്. അത്തരമൊരു അനീതിക്കെതിരെ നേരിട്ടും അല്ലാതെയും നേരും നീതിയും നടപ്പിലാക്കാൻ സംഘടനയോടൊപ്പം നിന്ന സഖാക്കളെയും സുഹൃത്തുക്കളെയും മുഴുവൻ ജീവനക്കാരെയും ഇടനെഞ്ചോട് ചേർത്ത് അഭിവാദ്യം ചെയ്യുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ